# എത്യോപ്യയുടെ പരമോന്നത ബഹുമതി പ്രധാനമന്ത്രി ഏറ്റുവാങ്ങി (ഡിസംബർ 16, 2025)

ഡിസംബർ 16, 2025

പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി 2025 ഡിസംബർ 16-17 തീയതികളിൽ എത്യോപ്യയിലേക്ക് ആദ്യ ഉഭയകക്ഷി സന്ദർശനം നടത്തുകയാണ്. ഇന്ന് ആഡിസ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടന്ന പ്രത്യേക ചടങ്ങിൽ എത്യോപ്യൻ പ്രധാനമന്ത്രി ഡോ. അബി അഹമ്മദ് എത്യോപ്യയുടെ പരമോന്നത ബഹുമതിയായ 'ഗ്രേറ്റ് ഓണർ നിഷാൻ ഓഫ് എത്യോപ്യ' പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിക്ക് സമ്മാനിച്ചു. ഇന്ത്യ-എത്യോപ്യ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിൽ നൽകിയ സവിശേഷമായ സംഭാവനകളും ഒരു ആഗോള ഭരണതന്ത്രജ്ഞൻ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ ദീർഘവീക്ഷണമുള്ള നേതൃത്വവും പരിഗണിച്ചാണ് ഈ ബഹുമതി.

2. ലോകത്തിലെ ഏറ്റവും പുരാതനമായ നാഗരികതകളിൽ ഒന്നിൽ നിന്ന് ഇത്തരമൊരു പുരസ്കാരം സ്വീകരിക്കാൻ കഴിഞ്ഞത് ഒരു ബഹുമതിയായി കാണുന്നുവെന്നും ഏറെ വിനയത്തോടും കൃതജ്ഞതയോടും കൂടി ഇത് സ്വീകരിക്കുന്നുവെന്നും ചടങ്ങിൽ സംസാരിക്കവേ പ്രധാനമന്ത്രി മോദി പറഞ്ഞു. ഈ ആദരവിന് പ്രധാനമന്ത്രി ഡോ.അബിയോടും എത്യോപ്യയിലെ ജനങ്ങളോടും അദ്ദേഹം ഹൃദയപൂർവ്വം നന്ദി രേഖപ്പെടുത്തി. ദേശീയ ഐക്യം, സുസ്ഥിരത, എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രധാനമന്ത്രി ഡോ. അബിയുടെ നേതൃത്വത്തിനും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്കും പ്രധാനമന്ത്രി മോദി അഭിനന്ദനം അറിയിച്ചു. രാഷ്ട്രനിർമ്മാണത്തിൽ അറിവിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞ പ്രധാനമന്ത്രി, കഴിഞ്ഞ ഒരു നൂറ്റാണ്ടിലേറെയായി എത്യോപ്യയുടെ പുരോഗതിക്കും വികസനത്തിനും സംഭാവന നൽകാൻ ഇന്ത്യൻ അധ്യാപകർക്ക് ലഭിക്കുന്ന അവസരം ഒരു വലിയ ഭാഗ്യമാണെന്നും പ്രസ്താവിച്ചു.

3. ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധം കാലാകാലങ്ങളിലൂടെ പരിപോഷിപ്പിച്ച ഇന്ത്യക്കാർക്കും എത്യോപ്യക്കാർക്കുമായി പ്രധാനമന്ത്രി ഈ പുരസ്കാരം സമർപ്പിച്ചു, ഈ ആദരവിന് 1.4 ബില്യൺ ഇന്ത്യക്കാരുടെ പേരിൽ നന്ദി

അറിയിക്കുകയും ചെയ്തു. ഇന്ത്യയും എത്യോപ്യയും തമ്മിലുള്ള അടുത്ത പങ്കാളിത്തത്തിലും ഗ്ലോബൽ സൗത്തിന്റെ പോസിറ്റീവ് അജണ്ട മുന്നോട്ട് കൊണ്ടുപോകുന്നതിലും ഈ അവാർഡ് ഒരു നാഴികക്കല്ലാണ്. പ്രധാനമന്ത്രിയുടെ പൂർണ്ണമായ പ്രസംഗം ഇവിടെ കാണാം. [Link]

**അഡിസ് അബാബ**

**ഡിസംബർ 16, 2025**